**ഗ്രാമ ന്യായാലയ, കൽപ്പറ്റ, വൈത്തിരി**
**ഹാജർ : കുമാരി. അഥീന ബിജു**
**ന്യായാധികാരി, ഗ്രാമ ന്യായാലയം കൽപ്പറ്റ**
**2026-)മാണ്ട് ഏപ്രിൽ മാസം 18-ാം തീയ്യതി**
**1948-ാം മാണ്ട് ചൈത്രം മാസം 28-ാംതീയ്യതി**

**സി.എം.പി. 1/2026**
(എം.സി. 8/2026)

| | |
|---|---|
| ഹർജിക്കാരി | ദിൽന.കെ, 35 വയസ്സ്, നാരായണൻ മകൾ, ഊരക്കാട്ടിൽ ഹൗസ്, മേപ്പാടി പോസ്റ്റ്, മൂപ്പൈനാട് വില്ലേജ്, വൈത്തിരി താലൂക്ക്, വയനാട് ജില്ല - 673 577. ( അഡ്വ.സുരേഷ്.പി ) (മേപ്പാടി പോലീസ് സ്റ്റേഷൻ പരിധി ) |
| എതൃകക്ഷി | അനീഷ് റഹ്മാൻ, 49 വയസ്സ്, അബ്ദു കുഞ്ഞ് മകൻ, വാഴക്കാമാടം ഹൗസ്, കോണോത്തുകുന്ന്, പുത്തൻചിറ, തൃശ്ശൂർ - 680 123. ( മതിലകം പോലീസ് സ്റ്റേഷൻ പരിധി ) |
| വകുപ്പ് | ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീസംരക്ഷണനിയമം 2005, 23 വകുപ്പ് പ്രകാരം. |
| ഉത്തരവ് | അനുവദിച്ചു |

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണനിയമം 2005, 23-ാംവകുപ്പ് പ്രകാരം അടിയന്തിര താൽക്കാലിക നിവൃത്തികൾക്കുവേണ്ടി ബോധിപ്പിച്ച ഹർജിയാണ് സി.എം.പി.1/2026

2. ഹർജിക്കാരി ഹാജരായി. വാദം കേട്ടു. ഹർജിഭാഗം രേഖകൾ പരിശോധിച്ചു. ഹർജിയിൽ നിന്നും, സത്യവാങ് മൂലത്തിൽ നിന്നും ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 പ്രകാരം ആവലാതിക്കാരിക്ക് ഗാർഹിക പീഡനം ഏറ്റിട്ടുണ്ടെന്നും ഏൽക്കാൻ സാധ്യതയുണ്ടെന്നും പ്രഥമ ദൃഷ്ട്യാ ഈ കോടതിക്ക് ബോധ്യപ്പെട്ടതിനാലും, ഈ ഹർജിയിൽ അന്തിമ തീർപ്പാക്കും വരെയുള്ള കാലതാമസം അപരിഹാര്യമായ

കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കും എന്നതിനാലും ഈ ഹർജിയിൽ എക്സ് പാർട്ടിയായി താഴെ പറയുന്ന ഇടക്കാല നിവൃത്തികൾ അനുവദിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| 1. | ഹർജിക്കാരിയുടെയും കുട്ടികളുടെയും സ്വൈര്യവിഹാരം ഹനിക്കുന്ന രീതിയിൽ ശാരീരികമോ മാനസികമോ മറ്റേതെങ്കിലും രീതിയിലുള്ള ഗാർഹിക പീഡനം ഏൽപ്പിക്കുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കി ഇതിനാൽ ഉത്തരവാകുന്നു. |
| 2. | ഹർജിക്കാരിയും കുട്ടികളും നിലവിൽ താമസിക്കുന്ന ഹർജിക്കാരിയുടെ വീടായ വൈത്തിരി താലൂക്കിലെ മേപ്പാടി വില്ലേജ് പോസ്റ്റ് പരിധിയിലുള്ള 'ഊരക്കാട്ടിൽ ഹൗസ്' എന്ന വീട്ടിലേക്ക് എതിർകക്ഷി പ്രവേശിക്കുന്നതോ പ്രവേശിക്കാൻ ശ്രമിക്കുന്നതോ തടഞ്ഞുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു. |
| 3. | ഹർജിക്കാരിയുടെ സംരക്ഷണയിൽ കഴിഞ്ഞുവരുന്ന മക്കളെ അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി എതിർകക്ഷി ബന്ധപ്പെടുന്നതും ബന്ധപ്പെടാൻ ശ്രമിക്കുന്നതും തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു. |
| 4. | ഇടക്കാല ചിലവിനത്തിലേക്കായി ഹർജിക്കാരിക്ക് 2000/- (രണ്ടായിരം) രൂപ വീതവും രണ്ട് മൈനർ കുട്ടികൾക്കുമായി 1500/- (ആയിരത്തി അഞ്ഞൂറ്) രൂപ വീതവും (ആകെ 5000/- (അയ്യായിരം) രൂപ) പ്രതിമാസം നൽകാൻ എതിർകക്ഷിയോട് കൽപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. |
| 5. | ഹർജിയിൽ ആവശ്യപ്പെട്ട മറ്റ് നിവൃത്തികൾ എതിർകക്ഷി ഹാജരായശേഷം പരിഗണിക്കുന്നതാണ്. |
| 6. | ഉത്തരവിന്റെ പകർപ്പ് ഇരുകക്ഷികൾക്കും സൗജന്യമായി നൽകുക. |
| 7. | ഉത്തരവിന്റെ പകർപ്പ് മേപ്പാടി S.H.O യ്ക്ക് അയച്ചു കൊടുക്കുക. |
| 8. | എതിർകക്ഷികൾക്ക് നോട്ടീസ്, ഉത്തരവിന്റെ പകർപ്പ് എന്നിവ അയയ്ക്കുക. |

*(2026-)o ആണ്ട് ഏപ്രിൽ മാസം 18-)o തിയ്യതി ഗ്രാമന്യായാലയത്തിലെ തുറന്ന കോടതിയിൽ വെച്ചു ഞാൻ വിധി പ്രഖ്യാപിച്ചു )*

**ന്യായാധികാരി**

**<u>CMP 1/2026 IN MC 8/2026</u>**

**DATED: 18.04.2026**